നടത്തുന്നതായിരിക്കും. സ്ഥലമേറ്റെടുക്കലിനും മറ്റുമായി 2013-ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നിയമത്തിൽ (എൽ.എ.ആർ.ആർ. ആക്ട്) പ്രതിപാദിച്ചിരിക്കുന്ന രീതിയിലാണ് ഭൂമിയുടേയും മറ്റും പ്രതിഫലം നിശ്ചയിക്കുന്നത്. ഏറ്റെടുക്കേണ്ട ഭൂമിയുടെ കാര്യമായ കണക്ക് ഭൂസർവ്വേയ്ക്ക് ശേഷം മാത്രമേ നിജപ്പെടുത്താനാകൂ.

റെയിൽ മേൽപ്പാലങ്ങൾ

265 (2985) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച റെയിൽ മേൽപ്പാലങ്ങൾ എത്രയെന്നും ഇവയിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷം 72 റെയിൽവേ മേൽപ്പാലങ്ങൾക്ക് ആർ.ബി.ഡി.സി.കെ.-യും 27 റെയിൽവേ മേൽപ്പാലങ്ങൾക്ക് കെ.ആർ.ഡി.സി.എൽ.-നും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ആർ.ബി.ഡി.സി.കെ. 11 മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കെ.ആർ.ഡി.സി.എൽ. 5 ആർ.ഒ.ബി.-കളുടെ നിർമ്മാണം തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സെമി ഹൈസ്പീഡ് ട്രെയിൻ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ അനുവദിച്ച എത്ര പാലങ്ങളാണ് അലൈൻമെന്റ് പൂർത്തീകരിക്കാത്തതിനാൽ ടെണ്ടർ നടപടി ഉൾപ്പെടെ ആരംഭിക്കാൻ കഴിയാതെ വന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ അലൈൻമെന്റ് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) കെ.ആർ.ഡി.സി.എൽ. ഏറ്റെടുത്ത് നടത്തുന്ന 1 ആർ.ഒ.ബി.-യും ആർ.ബി.ഡി.സി.കെ-യുടെ 5 ആർ.ഒ.ബി-കളുമാണ് കാസർകോട് ജില്ലയിലെ സിൽവർ ലൈനിന്റെ അലൈൻമെന്റ് പ്രകാരം ബാധിക്കപ്പെടുന്നത്. ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (ജി.എ.ഡി) പുതുക്കി അലൈൻമെന്റ് പൂർത്തീകരിക്കുന്നത് ഒരു മാസത്തിനകം കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൃഗസംരക്ഷണ പദ്ധതികൾ

266 (2986) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ മൃഗസംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly